**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ - ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അധിക തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1585/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 16/05/2017

പരാമർശം:- 1. 09.03.2017 ലെ സ.ഉ.(സാധാ) നം. 662/2017/തസ്വഭവ നമ്പർ ഉത്തരവ്
2. അഡ്വ.കെ രാജൻ എം.എൽ.എ .യുടെ 08/05/2017 ലെ കത്ത്.

**ഉത്തരവ്**

1. പൂർണ്ണമായോ ഭാഗികമായോ വരൾച്ച പ്രഖ്യാപിച്ച പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / പ്ലാൻ ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക വിനിയോഗിക്കുന്നതിനായി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു

| തദ്ദേശ സ്വയംഭരണ സ്ഥാപനം | 31.03.2017 വരെ ചെലവഴിക്കാവുന്ന തുക | 01.04.2017 മുതൽ 31.05.2017 വരെ ചെലവഴിക്കാവുന്ന തുക |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 5 ലക്ഷം | 10 ലക്ഷം |
| മുനിസിപ്പാലിറ്റികൾ | 10 ലക്ഷം | 15 ലക്ഷം |
| കോർപ്പറേഷൻ | 15 ലക്ഷം | 20 ലക്ഷം |

2. കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്നതിനാൽ മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള തുക പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഇതിനോടകം ചിലവഴിച്ചു കഴിഞ്ഞുവെന്നും കൂടുതൽ തുക ചിലവഴിക്കാൻ സർക്കാർ അനുവാദം നൽകിയില്ലെങ്കിൽ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിയില്ലെന്നും പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വരൾച്ച കാരണം കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ **2017 ജൂൺ 15 വരെ കുടിവെള്ള വിതരണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / വികസന ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തുകൾ 5 ലക്ഷം രൂപയും (അഞ്ച് ലക്ഷം) മുനിസിപ്പാലിറ്റികൾ 7.5 (ഏഴര ലക്ഷം)ലക്ഷം രൂപയും കോർപ്പറേഷൻ 10 ലക്ഷം (പത്ത് ലക്ഷം) രൂപയും വിനിയോഗിക്കുന്നതിനായി** ഇതിനാൽ യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും മേൽ സൂചിപ്പിച്ച പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.വി.കെ.ബേബി. ഐ.എ.എസ്
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നൽകേണ്ടതാണ്)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
റവന്യൂ (കെ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.